## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1486

04/12/2015 -ൽ
മറുപടി നൽകാനുണ്ടായിരുന്നത്

### മലയോര വികസന ഏജൻസിയുടെ കണ്ണൂർ ജില്ലയിലെ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.കെ.സി..ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) 2012ൽ മലയോര വികസന ഏജൻസി രൂപീകരിച്ചതിനുശേഷം ഓരോ സാമ്പത്തിക വർഷവും കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയെന്നും ഓരോ പ്രവൃത്തിയും എതു നിയോജകമണ്ഡലത്തിലാണ് ഉൾപ്പെടുന്നതെന്നും വ്യക്തമാക്കുമോ; | (എ) 2012 ൽ മലയോര വികസന ഏജൻസി രൂപീകരിച്ചതിനുശേഷം ഓരോ സാമ്പത്തിക വർഷവും കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത പ്രവർത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവർത്തിക്കും വകയിരുത്തിയ തുകയും ഓരോ പ്രവർത്തിയും ഏതു നിയോജകമണ്ഡലത്തിലാണ് ഉൾപ്പെടുന്നതെന്ന വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് മലയോര വികസന ഏജൻസിക്കു കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന പഞ്ചായത്തുകളെ മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. ചിറ്റാരിപ്പറമ്പ 2. കീഴല്ലൂർ<br>3. കൂടാളി 4. മാല്ലൂർ 5. മങ്ങാട്ടിടം<br>6. കോളയാട് 7. തില്ലങ്കേരി<br>8. പടിയൂർ കല്യാട് |

| | | | |
|---|---|---|---|
| (സി) | ഏതു സർക്കാർ ഉത്തരവ് പ്രകാര മാണ് പ്രസ്തുത പഞ്ചായത്തുകളെ മലയോര വികസന ഏജൻസിയിൽ ഉൾപ്പെടുത്തിയത്; | (സി) | 30.9.2014 തീയതിയിലെ (സാധ) 447/14/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആണ് പ്രസ്തുത ഗ്രാമ പഞ്ചായത്തുകളെ മലയോര വികസന ഏജൻസിയുടെ കീഴിൽ ഉൾപ്പെടുത്തിയത്. |
| (ഡി) | മലയോര വികസന ഏജൻസിക്കു കീഴിൽ ഉൾപ്പെടുത്തിയതിനുശേഷം പ്രസ്തുത പഞ്ചായത്തുകളിലെ ഏതെങ്കിലും വികസന പദ്ധതികളുടെ നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായോ; അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ഡി) | ലഭിച്ചിരുന്നു. എന്നാൽ മലയോര വികസന ഏജൻസിയുടെ കീഴിൽ ഉൾപ്പെട്ടിരുന്ന 561 ഗ്രാമ പഞ്ചായത്തുകളിൽ 800 മീറ്റർ കോണ്ടൂരിന് മുകളിൽ ഉള്ളതോ പാരിസ്ഥിതിക ദുരന്തങ്ങൾക്കു വിധേയമായതോ ആയ 153 പഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളും മാത്രമാണ് മലയോര വികസന ഏജൻസിയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള 153 ഗ്രാമ പഞ്ചായത്തുകളിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിൽപെട്ട മേൽപറഞ്ഞ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

Bijumon

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**